കയറ്റിറക്ക് നിയമം ലംഘിക്കുന്ന തൊഴിലാളികൾക്കെതിരെ നടപടി

61 (1024) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുടമസ്ഥർ സ്വന്തം ആവശ്യത്തിന് വാടക വാഹനത്തിൽ കൊണ്ടുവരുന്ന സാധനസാമഗ്രികൾ, അവർക്കോ കുടുംബാംഗങ്ങൾക്കോ ഇറക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടമസ്ഥൻ സാധന സാമഗ്രികൾ ഇറക്കുന്നത് കയ്യൂക്കുകൊണ്ട് തടയുന്ന തൊഴിലാളികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ ;

(സി) സാധന സാമഗ്രികളുടെ കയറ്റിറക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ : എങ്കിൽ അതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) കയറ്റിറക്ക് തൊഴിലാളികൾ കയറ്റിറക്കുനടത്തിയ സാധന സാമഗ്രികളുടെ ഇനം, ഉദ്ദേശ ഭാരം, എണ്ണം എന്നിവ രേഖപ്പെടുത്തിയ തുക കൈപ്പറ്റ് രസീത് നൽകണമെന്ന നിയമം ഏർപ്പെടുത്തി സാധാരണ ജനങ്ങളെ സംഘടിത ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ തൊഴിൽ വകുപ്പ് നടപടി എടുക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഏകീകരിച്ച കയറ്റിറക്ക് കൂലി നിരക്ക് നിലവിലില്ല.

(ഡി) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള പദ്ധതി പ്രദേശത്ത് തൊഴിലാളികൾ കയറ്റിറക്ക് നടത്തിയ സാധനസാമഗ്രികളുടെ ഇനം, ഭാരം, എണ്ണം എന്നിവയുടെ നിലവിലുള്ള നിരക്ക് പ്രകാരം കൂലിയും ലെവിയും ഉൾപ്പെടെയുള്ള തുകയ്ക്ക് കൈപ്പറ്റ് രസീത് നൽകുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ചവർ

62 (1025) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ 2006 മേയ് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് ഓൺലൈനിൽ ലഭ്യമാണോ ; ഇല്ലെങ്കിൽ ഓൺലൈനിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 55133 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) 63230 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നല്കിയിട്ടുണ്ട്. (6/2006 മുതൽ 12/2010 വരെ). ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) ഓൺലൈനിൽ ലഭ്യമല്ല. ഓൺലൈനിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

തൊഴിൽ രഹിതവേതനം

63 (1028) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്രയാളുകൾക്ക് തൊഴിൽ രഹിത വേതനം നൽകിവരുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രതിമാസം എത്ര രൂപയാണ് തൊഴിൽ രഹിത വേതനമായി നൽകിവരുന്നത് ; ഈ സർക്കാർ വേതന തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) തൊഴിൽ രഹിത വേതനം വാങ്ങുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ടോ ; എങ്കിൽ ഗുണഭോക്താക്കളുടെ വർഷം തിരിച്ച കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 312450 ഗുണഭോക്താക്കൾക്ക് തൊഴിൽ രഹിത വേതനം നൽകി വരുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	64362
2	കൊല്ലം	44349
3	പത്തനംതിട്ട	7709
4	ആലപ്പുഴ	42219
5	കോട്ടയം	16000
6	ഇടുക്കി	7973

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്